بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 15/05/2015

**(26 RAJAB 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## Moral Qualities Vs Natural feeling

### ധാർമ്മിക ഗുണങ്ങൾ ജന്മവാസനകളല്ല

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

മനുഷ്യന്റെ ധാർമ്മികതയെ സംബന്ധിച്ച് പൂർണ്ണമായ അധ്യാപനങ്ങൾ ഉൾക്കൊള്ളാത്ത ഒരു മതവും സമ്പൂർണ്ണമാണ് എന്ന് പറയുവാൻ കഴിയുകയില്ല. ആത്മീയതയുടെ ഭാഗമൊന്നുമല്ല ധാർമ്മികത. എന്നിരുന്നാലും ആത്മീയതയിലേക്കുള്ള ആദ്യ ചവിട്ടുപടിയാണത്. സമ്പൂർണ്ണമായ ധാർമ്മികതയില്ലാതെ മനുഷ്യന് സമ്പൂർണ്ണ ആത്മീയ വികാസം ആർജ്ജിക്കുവാൻ സാധ്യമല്ല. ധാർമ്മിക തത്വങ്ങളെക്കുറിച്ചുള്ള പഠനം മനുഷ്യനെ അത്ഭുതപ്പെടുത്തും. ധാർമ്മിക തത്വങ്ങളെക്കുറിച്ചുള്ള അന്വേഷണപാതയിൽ മനുഷ്യൻ ഇന്നും അന്ധകാരത്തിൽ തന്നെയാണ്. എല്ലാ ചോദ്യങ്ങൾക്കും വിശദമായ ഒരു മറുപടി എന്നത് ഇന്നും അസാധ്യം തന്നെയാണ്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചില തത്വങ്ങളെക്കുറിച്ച് ചുരുങ്ങിയ വിവരങ്ങൾ എനിക്ക് നൽകുവാൻ കഴിയും.

ഒന്നാമത്തെ കാര്യം ധാർമ്മികതയ്ക്ക് ഒരു നിർവചനമാണ്. ധാർമ്മിക ഗുണങ്ങളുടെ അവസ്ഥയെക്കുറിച്ച് തെറ്റായി മനുഷ്യൻ മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ട് തന്നെ അവൻ വലിയ തെറ്റിലകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെയാണ് ഫലമില്ലാത്തതും ദൈർഘ്യമേറിയതുമായ പ്രഭാഷണങ്ങൾ മതഗ്രന്ഥങ്ങളിൽ ഇടം പിടിച്ചിരിക്കുന്നത്. മൃഗീയതയ്ക്കും ധാർമ്മികതയ്ക്കുമിടയിൽ ഒരു മധ്യാവസ്ഥ ഉണ്ട് എന്ന് മനസ്സിലാക്കുന്നതിൽ ജനം പരാജയപ്പെട്ടിരിക്കുന്നു. മൃഗീയതകൊണ്ട് അർത്ഥമാക്കുന്നത് അത് മനുഷ്യന്റെ ഒരു അവസ്ഥയാണ്. അത് തെറ്റായ പരിശീലനമാണ്. രോഗം, സ്വഭാവം, അജ്ഞത അഥവാ ദുഷ്ചിന്ത ഇവയൊക്കെ സ്വാർത്ഥ ഉദ്ദേശ്യത്തിനായി സ്വാർത്ഥ പൂർത്തീകരണത്തിനായി ചെയ്യുന്നു. ഇതിന് മറ്റുള്ളവരുടെ വിചാര വികാരങ്ങൾക്ക് യാതൊരു പരിഗണനയുമില്ല. എന്നാൽ മനുഷ്യന്റെ പ്രകൃത്യായുള്ള അവസ്ഥ ഇതല്ല. പ്രകൃത്യായുള്ള മനുഷ്യന്റെ അവസ്ഥയിൽ മറ്റുള്ളവർക്ക് വേണ്ടി നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള വാസനയുണ്ട്. തെറ്റു ചെയ്യുന്നവരെ നല്ല ധാർമ്മികതയ്ക്കുവേണ്ടി പ്രേരിപ്പിക്കുവാനുള്ള കഴിവുമുണ്ട്. ഉദാഹരണത്തിന്, മനുഷ്യൻ സമൂഹജീവിയായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സമൂഹത്തിലെ ഒരംഗം എന്ന നിലയിൽ ഈ വിചാരങ്ങൾകൊണ്ട് അവനെ ധന്യമാക്കിയിട്ടുള്ളതുമാണ്. ഒരു കുട്ടിയെ തികച്ചും ഒറ്റയ്ക്ക് വളർത്തിയെന്നിരിക്കട്ടെ അവന്റെ സ്വഭാവത്തിൽ നിന്നും ഈ വിചാരങ്ങളെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുകയും ചെയ്തു എന്നിരിക്കട്ടെ, എന്നിരുന്നാലും ഈ ധാർമ്മികതയുടെ പ്രത്യേകത, അത് അവനിൽ പ്രകൃത്യായുള്ളതാണ് എന്നതാണ്. ഉദാഹരണത്തിന് സ്നേഹം, അനിഷ്ടം, ഇവ രണ്ടും പ്രകൃത്യായുള്ളതാണ്. ആയതിനാൽ അതിൽ ഒന്ന് നല്ലതും മറ്റേത് മോശവും എന്ന് പറയാവതല്ല. അതിൽ ഒന്ന് നല്ലതും മറ്റേത് മോശവും എന്ന് പറയേണ്ടി വരുമ്പോൾ നാം അംഗീകരിക്കേണ്ടി വരും. അതായത് അല്ലാഹു നമ്മിൽ മോശമായതിനെ നിക്ഷേപിച്ചിരിക്കുന്നു എന്ന്. അപ്പോൾ അത് ഒരു ദൈവദൂഷണമായി മാറും. നമ്മുടെ അനുഭവത്തിലൂടെ ഈ തത്വത്തെ ഖണ്ഡിച്ചാൽ, ചില കാര്യങ്ങളോട് നമുക്ക് അനിഷ്ടമുണ്ട്. എന്നിരിക്കട്ടെ. ഉദാഹരണത്തിന് അടിച്ചമർത്തുക അഥവാ തെറ്റു ചെയ്യുക. ഇതിന് വലിയ സ്ഥാനം നൽകുന്നു എന്നിരിക്കട്ടെ ! അത് മോശമായ ഫലം ഉളവാ

ക്കും. അനിഷ്ടം എന്ന എല്ലാ വികാരങ്ങളെയും മോശമായി മാത്രം ദർശിച്ചാൽ, തെറ്റ് ചെയ്യുന്നതിനോടുള്ള വെറുപ്പ് തന്നെ ഒരു പാപമായി തീരും. അത് കാര്യകാരണ യോജ്യവുമല്ല.

ഒരു മതം അതിന്റെ അനുയായികളെ പഠിപ്പിക്കുന്നത് ദയ ഉണ്ടായിരിക്കണം, മാപ്പ് ചെയ്യണം, സ്നേഹം നൽകണം, കരുണ കാണിക്കണം, അമിതത്വം കാണിക്കരുത് എന്നൊക്കെയാണെങ്കിൽ ഇവയൊക്കെ തികച്ചും നമ്മുടെ പ്രകൃത്യായുള്ള വികാരങ്ങൾ മാത്രമാണ്. ഇവയൊന്നും ഒരു നിലയിലുമുള്ള ധാർമ്മിക ഗുണമായി എണ്ണാവതല്ല. അത്തരം മതങ്ങൾക്ക് ഇത്രമാത്രം അവകാശപ്പെടാം. ധാർമ്മിക പാഠം നൽകിയിരിക്കുന്നു; പ്രകൃത്യായുള്ള വിചാര വികാരങ്ങളെ നിയന്ത്രിച്ച് ശരിയായ ഗ്രഹപാഠങ്ങളിലൂടെ അത് നേടുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. മറ്റൊരു വചനത്തിൽ പറഞ്ഞാൽ പ്രകൃത്യായുള്ള ചില വികാര വിചാരങ്ങളെ നിയന്ത്രിച്ച് മറ്റുള്ളവയെ കീഴ്പ്പെടുത്തി ജീവിക്കുവാൻ നൽകുന്ന പരിശീലനത്തിന് ധാർമ്മികത എന്ന് പറയാവതല്ല. ഇത് ബോധപൂർവ്വമുള്ള, ഉദ്ദേശാധിഷ്ഠിതമായ നിലയിൽ പ്രകൃത്യായുള്ള വിചാര വികാരങ്ങളെ നിയന്ത്രിച്ച് ഉചിതമായ സ്ഥാനത്ത് ഉപയോഗിച്ച്, ഉചിതമല്ലാത്ത സ്ഥാനത്ത് ഉപയോഗിക്കാതെ ക്രമപ്പെടുത്തുകയും ചെയ്യുമ്പോൾ അതിനെ ധാർമ്മികത എന്നു പറയാം. ഉദാഹരണമായി നമുക്ക് ഒരു രാജ്യത്തെ നിയമവ്യവസ്ഥയെ എടുക്കാം. ധാർമ്മിക വ്യവസ്ഥ രാജ്യത്തെ ചില ആളുകൾക്ക് ബാധകവും മറ്റു ചിലർക്ക് ബാധകമല്ലാത്തതുമല്ല. അത് ഭരണ വ്യവസ്ഥയല്ല. മറിച്ച് അരാചകത്വമാണ്. മറിച്ച്, ഇത് പ്രാവർത്തികമാക്കുന്നതിന് ഓരോരുത്തർക്കും പരിധി നിശ്ചയിക്കേണ്ടതും, ആർക്കും പരിധി കടന്നു പോകുവാൻ അനുവാദമില്ലാത്തതുമായിരിക്കണം. ഇക്കാരണത്തലാണ് മനുഷ്യൻ തങ്ങളുടെ പ്രവർത്തനങ്ങൾ ധാർമ്മികതയ്ക്ക് നിരക്കുന്ന നിലയിൽ ആയിരിക്കണം ചെയ്യേണ്ടത് എന്ന് പറയുന്നത്. എന്നാൽ ഈ നടപടി ക്രമങ്ങൾ മൃഗങ്ങൾക്ക് ബാധകമല്ല.

ഒരു മൃഗം ചിലപ്പോൾ വളരെ നല്ല നിലയിൽ സഞ്ചരിക്കുന്നുണ്ടാകാം. എന്നാൽ അത് ധാർമ്മികത കൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്ന് പറയാവതല്ല. അതിന്റെ എല്ലാ പ്രവർത്തനങ്ങളും അതിന്റെ ജന്മവാസനയനുസരിച്ചാണ് നടക്കുന്നത്. ഒരു മതം അവയിൽ ഏതിനെയെങ്കിലും മോശമായി ചിത്രീകരിച്ച് അപമാനിച്ചാൽ, തുടർന്ന് അതിന് ധാർമ്മികതയില്ല, മറിച്ച് ധാർമ്മികതയെ നശിപ്പിക്കുവാൻ സഹായിക്കുന്നു എന്ന് മാത്രം, മാത്രമല്ല സമൂഹത്തിന്റെ അടിത്തറ തോണ്ടുകയാണ്. യഥാർത്ഥ ധാർമ്മികത സ്ഥാപിക്കുവാൻ ആ മതത്തിനു മാത്രമേ കഴിയൂ - അതായത് യഥാർത്ഥ സമയത്ത് യഥാർത്ഥ സ്ഥാനത്ത് പ്രവർത്തി പഥത്തിൽ കൊണ്ടു വരുവാൻ ഓരോ ജന്മ വാസനകളെയും ചൂണ്ടി കാണിക്കുവാൻ അതിന് കഴിയണം.

മാനവകുലത്തിന് പ്രവൃത്തി പഥത്തിൽ കൊണ്ടുവരുവാനുള്ള നിയമങ്ങളുടെ ഒരു വലിയ സുന്ദര ദൃശ്യ പ്രകടനം ഇസ്ലാം സമർപ്പിക്കുന്നു. പ്രത്യേകിച്ച്, ഇതിൽ വിശ്വസിക്കുന്നവർക്ക്, അവരുടെ ജീവിതം അതനുസരിച്ച് വാർത്തെടുക്കാവുന്നതാണ്. അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ട്, മനുഷ്യന്റെ പ്രകൃത്യായുള്ള ധാർമ്മിക പ്രവർത്തനങ്ങൾ സ്വീകരിച്ചുകൊണ്ട് സമ്പൂർണ്ണ ഗ്രന്ഥമായ വിശുദ്ധ ഖുർ ആന്റെ നിയമ സംഹിതയിലൂടെ !

## <u>കേരളാ ജമാഅത്തിനെക്കുറിച്ച് ഹസ്രത് ഖലീഫത്തുല്ലാഹ്</u>

**ഇൻശാ അല്ലാഹ് ഇതേ വിഷയം അടുത്ത വെള്ളിയാഴ്ച തുടരുന്നതാണ്. പ്രസംഗം അവസാനിപ്പിക്കുന്നതിന് മുമ്പ്, നിങ്ങൾക്കെല്ലാം അറിയാവുന്നതു പോലെ, കേരളത്തിലെ നമ്മുടെ സഹോദരീ സഹോദരന്മാരും കുട്ടികളും ഇന്ന് മുതൽ 3 ദിവസം (മെയ് 15 – 17) അവരൊരു പ്രത്യേക പരിപാടി സംഘടിപ്പിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, അവരുടെ പ്രാർത്ഥനകൾ അല്ലാഹു സ്വീകരിക്കട്ടെ ! അല്ലാഹു (ത) അവരിൽ തൃപ്തിപ്പെടട്ടെ ! അവരുടെ ഹൃദയങ്ങളിൽ സമാധാനം ഇറക്കട്ടെ! അങ്ങനെ അവർക്ക് ഈ പരിപാടിയുടെ പൂർണ്ണ ഫലം നേടാൻ കഴിയട്ടെ അല്ലാഹു (ത) യുടെ തൃപ്തിക്കായി കഠിനാധ്വാനം ചെയ്യുവാനുള്ള കഴിവ് അല്ലാഹു അവർക്ക് പ്രദാനം ചെയ്യട്ടെ ! എന്ത് തന്നെ സംഭവിച്ചാലും, അവർ എല്ലായിപ്പോഴും ഓർത്തിരിക്കട്ടെ ഈ നൂറ്റാണ്ടിൽ അല്ലാഹു നൽകിയിരിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം, അല്ലാഹു അയച്ച ഖലീഫത്തുല്ലായെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു എന്നതാണ് എന്നും അങ്ങനെ അല്ലാഹുവിന്റെ ജമാഅത്തിൽ പ്രവേശിക്കുവാനും സാധിച്ചു എന്നതുമാണ്. അങ്ങനെ ത്യാഗങ്ങൾ അനുഷ്ഠിക്കുവാനും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വളരെ**

**വലിയ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിച്ചു എന്നതുമാണ് ഇൻശാ അല്ലാഹ് ! ആമീൻ.**

അതുപോലെ നിങ്ങൾക്കറിയാവുന്നതുപോലെ, ഇന്നത്തെ രാത്രി റജബ് 27 ആണ്. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപ് ഇത് സംബന്ധമായി ഏതാനും വാക്കുകൾ പറയുവാൻ ആഗ്രഹിക്കുന്നു. റജബ് 27 രാത്രിയിലാണ് ഇസ്റാഅ് മിഅ്റാജ് സംഭവം ഉണ്ടായത്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന്റെ ആത്മീയ യാത്രയും ആകാശാരോഹണവും ! ഹദീസ് പ്രകാരവും മറ്റു ഇസ്ലാമിക ചരിത്ര സംഭവങ്ങളുടെ അടിസ്ഥാനത്തിലും ഒരു റജബ് 27-ാം തീയതി രാത്രിയിലാണ് നമ്മുടെ പ്രിയങ്കരനായ മുഹമ്മദ് (സ) മക്കയിൽ നിന്ന് ജറുസലേമിലേക്കും പിന്നീട് ആകാശങ്ങളിലേക്കും യാത്ര ചെയ്തത്! ഇത് ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന ഒരു കാര്യമാണ്. ശാരീരിക യാത്രയായിരുന്നുവെന്ന് വിശ്വസിക്കുന്ന മുസ്ലീംങ്ങൾ ഇപ്പോഴുമുണ്ട്. എന്നാൽ ഈ യാത്ര ആത്മീയ യാത്രയായിരുന്നു. ശാരീരിക യാത്രയായിരുന്നുവെന്ന് വിശ്വസിക്കുവാനുള്ള കാരണം, മുസ്ലീംങ്ങളിൽ ഇപ്പോഴും വിശ്വസിക്കുന്നവരുണ്ട്, ആകാശങ്ങളിൽ ഹസ്രത് ഈസ (അ) ഇപ്പോഴും ശാരീരികമായി ജീവിച്ചിരിക്കുന്നുവെന്ന്. അതേ ശരീരത്തോടെ ഭൂമിയിലേക്ക് മടങ്ങി വരാൻ കഴിയുമെന്നും അവർ വിശ്വസിക്കുന്നു. ഈ കാര്യമാണ് അവർ ആശ്വാസമായി കണ്ടെത്തുന്നത്. അതായത് പരിശുദ്ധ പ്രവാചകൻ ശാരീരകമായി തന്നെയാണ് ആകാശാരോഹണം നടത്തിയത് എന്ന്.

അല്ലാഹുവിന്റെ പ്രവാചകന്മാർ സാധാരണയായി ഉപമാ രൂപത്തിലാണ് സംസാരിക്കുന്നത്, തങ്ങളുടെ അനുയായികൾക്ക് കാര്യങ്ങൾ മനസ്സിലാക്കുവാൻ അതാണ് അതിന്റെ വഴി. അവർ മനസ്സിലാക്കുന്നതിനെക്കാൾ അപ്പുറം അത് എപ്പോൾ എവിടെ പ്രയോഗവൽക്കരിക്കുന്നുവോ അതിനാണ് പ്രാധാന്യം. ആ ആളുകൾ അത് മനസ്സിലാക്കുകയും, ഭാഷാപരമായി തന്നെ അവർ ഗ്രഹിക്കും, ഉപമ രൂപത്തിൽ മനസ്സിലാക്കുന്നതിലുപരി !

ദർശനാവസ്ഥ അഭിമുഖീകരിച്ചിട്ടുള്ള ഒരാൾക്ക്, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അഭിമുഖീകരിച്ചിട്ടുള്ള ദർശനാവസ്ഥ, പെട്ടെന്ന് മനസ്സിലാകും. പ്രവാചകൻ (സ) യുടെ ദർശനാവസ്ഥ വളരെ ഉന്നത നിലവാരത്തിലായിരിക്കും മറ്റുള്ളവർ കാണുന്നത് താരതമ്യപ്പെടുത്തുമ്പോൾ ! മറ്റു പ്രവാചകന്മാർ ഉൾപ്പടെയുള്ളവർ ഇക്കാര്യത്തിൽ വളരെ വ്യക്തമാക്കിയിട്ടുള്ളത്, അല്ലാഹു (ത) തന്റെ ജീവിച്ചിരിക്കുന്ന സേവകന്മാരുടെ ആത്മാക്കളെ കൊണ്ടു പോകുന്നു ; അവർ അപ്പോൾ നിദ്രാവസ്ഥയിലോ, അബോധാവസ്ഥയിലോ ആയിരിക്കും - അതിനാണ് ദർശനാവസ്ഥ എന്നു പറയുന്നത്. നിദ്രയെ താരതമ്യം ചെയ്യുമ്പോൾ അത് അഗാധമായിരിക്കും; മരണതുല്യമായിരിക്കും. എന്നാൽ ദർശനാവസ്ഥയിൽ ഉണർന്നിരിക്കുന്ന അവസ്ഥയിലായിരിക്കും, തന്റെ സേവകന്റെ ഹൃദയത്തിൽ ആന്തരികാത്മാവ് ഉണർന്നിരിക്കും. തന്റെ ആന്തരികാത്മാവ് ഉണർവിലായിരിക്കും. അവന്റെ ശാരീരിക, ആത്മീയ കണ്ണുകൾ തുറന്നിരിക്കും. അതുപോലെ ഭൗതിക ശരീരവും ഉണർന്നിരിക്കും. അവൻ ബോധാവസ്ഥയിലാകുമ്പോൾ അവൻ കിടക്കയിലായിരിക്കും. അല്ലെങ്കിൽ അല്ലാഹുവിനെ സ്മരിക്കുന്ന മറ്റവസ്ഥയിലായിരിക്കും. അവന് ബോധ്യമാകുന്നതാണ്, അല്ലാഹു (ത) അവന്റെ ആത്മാവിനെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതായിട്ട് ! തന്റെ ആത്മാവ് ഭൗതിക ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നെങ്കിലും, തന്റെ ആത്മാവ് വേർപെട്ടതു പോലെയുള്ള അവസ്ഥയിലായിരിക്കും.

ആയതിനാൽ, ഈ യാത്രയുടെ അവസ്ഥ എന്തായിരുന്നു ? പ്രവാചകൻ നിദ്രയിൽ ആയിരുന്നപ്പോഴാണോ ഈ സംഭവം ഉണ്ടായത് ? അതല്ലാ ശാരീരികമായി തന്നെ സംഭവിച്ചോ ? അതോ ആത്മീയ ദർശനമായിരുന്നോ ? തങ്ങൾ കിടക്കയിലായിരിക്കുമ്പോൾ ! വാസ്തവത്തിൽ ഇത് രണ്ടുമായിരുന്നില്ല. മറിച്ച് ഈ രണ്ട് സത്യങ്ങളുടെയും ഒരു സങ്കലനമായിരുന്നു. അദ്ദേഹം ദൈവ സ്മരണയുടെ അവസ്ഥയിലായിരുന്നു ; കിടക്കയിലായിരുന്നപ്പോൾ ! അഥവാ ഗാഢ നിദ്രതയിലായിരുന്നപ്പോഴാണ്. അല്ലാഹു (ത) അദ്ദേഹത്തിന്റെ ബോധ മണ്ഡലത്തെ ഉണർത്തി. അങ്ങനെ ശരീരവും പ്രവർത്തനക്ഷമമായി ഈ ദർശനം അനുഭവിച്ചറിയത്തക്ക അവസ്ഥയിൽ ! ശാരീരിക ആത്മീയ ഇന്ദ്രിയങ്ങൾ അങ്ങനെ പ്രവർത്തനോന്മുഖമായി. അങ്ങനെ അദ്ദേഹം തന്റെ നഗ്ന നേത്രങ്ങൾ കൊണ്ട് തന്നെ കണ്ടു. അദൃശ്യ ലോകത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് - ശാരീരിക ആത്മീയ പരിധിയിൽ നിന്നുകൊണ്ട് അല്ലാഹു കാണിച്ചതെല്ലാം കണ്ടു. തന്റെ

നഗ്ന നേത്രങ്ങളും ബോധാവസ്ഥയിൽ തന്നെയായിരുന്നു. അത് തുറന്നിരുന്നാലും അടഞ്ഞിരുന്നാലും ശരി ആത്മീയ കണ്ണിന്റെയും അവസ്ഥ ഏതാണ്ട് ഇതുപോലെ തന്നെയായിരുന്നു. എന്നാൽ തന്റെ ശരീരം ആകാശത്തിലേക്ക് ഉയർന്നു പോയ നിലയിലായിരുന്നില്ല. തന്റെ യാത്രയിലും ആകാശാരോഹണത്തിലും ! തന്റെ ജീവൻ നഷ്ടമാകാത്ത നിലയിൽ, അസാധാരണമായ നിലയിൽ അല്ലാഹു (ത) ഈ കാഴ്ച കാണിച്ചുകൊടുക്കുകയായിരുന്നു. മുസ്ലീംങ്ങളിലെ ഓരോ വിഭാഗത്തിനും ഹദീസുകളും വാദങ്ങളുമായി മുന്നോട്ടു വരാവുന്നതാണ്. അവരുടെ വീക്ഷണങ്ങൾ തെളിയിക്കുവാനായി ! എന്നാൽ വിശുദ്ധ പ്രവാചകൻ (സ) ശാരീരികമായി ആകാശാരോഹണം നടത്തി എന്നു പറയുമ്പോൾ, അവർ മനസ്സിലാക്കുന്നില്ല, അല്ലാഹു ഒരു നിയമം സ്ഥാപിച്ചിരിക്കുന്നുവെന്ന് ആ നിയമത്തിന്റെ പേര് ഗുരുത്വ സ്വഭാവം എന്നാകുന്നു. ഭൂമിയിൽ നിന്നും സൃഷ്ടിച്ചതിനെ ഭൂമിയുമായി ബന്ധിച്ചിരിക്കുന്നു. ആയതിനാൽ തന്നെ ഭൂമിയിൽ തന്നെ മരിക്കുകയും കബറടക്കം നടത്തുകയും ചെയ്യുന്നു ; എന്നാൽ ആത്മാവ് അല്ലാഹുവിന്റെ സത്തയാകുന്നു. അത് പ്രവാചകന്റെ ആത്മായാലും ശരി, പ്രത്യേകിച്ച് ഖാത്തമുന്നബിയ്യീൻ മുഹമ്മദ് (സ) യുടെ ആത്മാവ് കൂടുതൽ അല്ലാഹുമായി ബന്ധിതമാണ്; അല്ലാഹുവുമായി ഏറ്റവും കൂടുതൽ അടുത്തു നിൽക്കുന്നു. ആയതിനാൽ അല്ലാഹു (ത) യ്ക്ക് ഈ കഴിവുണ്ട് ; തന്റെ സേവകന്റെ ആത്മാവ് അവൻ എടുക്കുന്നു. അഥവാ തന്റെ പ്രവാചകന്റെ ആത്മാവിനെ എടുക്കുന്നു. എന്നിട്ട് അത് തിരിച്ചയക്കുന്നു; അതുപോലെ എല്ലാ ആളുകൾക്കും താൽക്കാലിക മരണം അവൻ നൽകുന്നു. എന്നിട്ട് പ്രഭാതത്തിൽ അത് തിരിച്ചു നൽകുന്നു. അങ്ങനെയാണ് നാം ഉറക്കത്തിൽ നിന്നും ഉണരുന്നത്. നമ്മളെല്ലാം സ്വപ്നം കാണുന്നു. ആ സ്വപ്നങ്ങൾ, നാം കാണുന്നത് നമ്മുടെ ആത്മീയ കണ്ണുകൾ കൊണ്ടാണ്. നാം നമ്മുടെ ആത്മീയ ശരീരവുമായിട്ടാണ് യാത്ര ചെയ്യുന്നത്. നമ്മുടെ കിടക്കയിൽ കാണുന്ന ഭൗതിക ശരീരവുമായിട്ടല്ലാ (അതായത് നാം ഉറങ്ങുമ്പോൾ)

ഈ സത്യം ഗ്രഹിക്കുവാൻ അല്ലാഹു നമുക്കെല്ലാപേർക്കും കഴിവ് പ്രദാനം ചെയ്യട്ടെ ! ഈ വിഷയത്തിൽ എനിക്ക് അല്ലാഹു (ത) കൂടുതൽ അറിവ് നൽകാനായി പ്രാർത്ഥിക്കുന്നു. അങ്ങനെയായാൽ നമുക്ക് കാര്യങ്ങൾ ഒന്നുകൂടി മനസ്സിലാകുന്നതാണ്. അവന്റെ ദൃഷ്ടാന്തങ്ങളും അടയാളങ്ങളും ! ഇൻശാ അല്ലാഹ് ! ആമീൻ! അല്ലാഹു (ത) നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ ! ആമീൻ. സുമ്മ ആമീൻ. യാ റബ്ബൽ ആലമീൻ!.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223 / 8547299180*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************